(ബി) 24-1-2011-ൽ കൂടിയ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി തീരുമാന മനുസരിച്ച് നടപടി കൈക്കൊണ്ടതിന്റെ ഭാഗമായി 51 കോടി രൂപ വേന വായ്പ എഴുതി തള്ളുന്നതിലേക്കായി അഡീഷണൽ ഓതറൈസേഷൻ 9-2-2011-ലെ ഉത്തരവ് നമ്പർ GO(Rt)No.1081/2011/Fin. എന്ന ഉത്തരവ് മുഖേന അനുവ ദിച്ചിട്ടുണ്ട്. വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്ന മുറയ്ക്ക് ആധാരം റിലീസ് ചെയ്യുവാൻ സാധിക്കുന്നതാണ്.

വ്യാജ ലോട്ടറി ടിക്കറ്റ് വിൽപ്പന തടയുന്നതിന് നടപടി

198(1455) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യാജ ലോട്ടറി ടിക്കറ്റുകളുടെ വിൽപ്പന നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് അത് ശ്രദ്ധയിൽപ്പെട്ടത് ;

(ബി) വ്യാജലോട്ടറി ടിക്കറ്റ് വിറ്റ് പൊതുജനങ്ങളെ കബളിപ്പിച്ചതു സംബ ന്ധിച്ച് ആരുടെയെങ്കിലും പേരിൽ ക്രിമിനൽ നടപടി സ്വീകരിച്ചിട്ടുണ്ടോ : എങ്കിൽ ആരുടെയെല്ലാം പേരിൽ എന്നാണ് നടപടി സ്വീകരിച്ചത് ;

(സി) ഇതു സംബന്ധിച്ച് സംസ്ഥാനത്ത് എത്ര കേസ്സുകൾ നിലവിലുണ്ട്;

(ഡി) വ്യാജലോട്ടറി വിൽപ്പനമൂലം പൊതുജനങ്ങൾക്ക് ഉണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായത് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പും അതിനുശേഷ വുമുള്ള കാലഘട്ടങ്ങളിൽ സിക്കിം, ഭൂട്ടാൻ സർക്കാരുകൾ ഇവരുടെ പ്രഖ്യാപിത പ്രമോട്ടർമാർ എന്നിവർ നടത്തുന്ന ലോട്ടറികൾ കേന്ദ്ര നിയമമായ ലോട്ടറി റഗുലേഷൻ ആക്ട് ലംഘിക്കുന്നു എന്ന് വ്യാപകമായി പരാതി ലഭിച്ചതിനെ ത്തുടർന്ന് ഈ വിഷയത്തിൻമേൽ വിജിലൻസ് അന്വേഷണം നടത്തുകയും വിജിലൻസ് ഡയറക്ടർ 15-10-2006-ലെ റിപ്പോർട്ടിൽ പ്രസ്തുത ഡീലർ കേന്ദ്ര നിയമമായ ലോട്ടറീസ് (റഗുലേഷൻ) ആക്ട് 1998, വകുപ്പ് (4) ലംഘിക്കുന്നതായും സിക്കിം, ഭൂട്ടാൻ എന്നീ സർക്കാരുകളുടെ ലോട്ടറി ടിക്കറ്റുകളുടെ വിൽപ്പന നിരോധിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്നും ശുപാർശ ചെയ്തിരുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇത് സംബന്ധിച്ച് ഔദ്യോഗിക വിവരങ്ങൾ ലഭ്യമല്ല

LIBRARY ARCHIVES Kerala Legislative Assembly